**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഹരിപ്പാട് ഗ്രാമപഞ്ചായത്ത് - ആലപ്പുഴ ജില്ല — 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2- ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ) നം. 277/16/തസ്വഭവ. തിരുവനന്തപുരം, തീയതി:25/01/2016**

പരാമർശം:- 1) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 19/08/2014-ലെ എ 4-854/07 നമ്പർ കത്ത്

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 05/11/2015-ലെ LF.18164/പി.റ്റി1/2014 നമ്പർ 05/11/2015-ലെ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമപഞ്ചായത്തിൻറെ 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 പ്രകാരം സമഗ്രമഞ്ഞൾപ്രസാദം എന്ന പദ്ധതിപ്രകാരം മഞ്ഞൾകൃഷിക്കായി 4500/-രൂപ (നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) അധികം ചെലവ് ചെയ്തത് ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കാൻ ആഡിറ്റ് നിർദ്ദേശിച്ചിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 05-07-2014 ലെ I(13)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് അസിസ്റ്റന്റ് ഡയരക്ടർ മുഖേന പരാമർശം(1)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക അധികം ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-2 പ്രകാരം നിർവ്വഹണോദ്യോഗസ്ഥയിൽ ചുമത്തിയ ബാധ്യതയിൽ നിന്നും ടിയാളെ ഒഴിവാക്കുന്ന വിഷയത്തിൽ ആഡിറ്റിന് എതിരഭിപ്രായമില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി പദ്ധതി ഗ്രാമീണമേഖലയിലെ കാർഷികോത്പാദനത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് സഹായകമാണ്. പദ്ധതിനടത്തിപ്പിൽ മറ്റു യാതൊരു അപാകതയും ആഡിറ്റ് കണ്ടെത്തിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമപഞ്ചായത്തിൻറെ 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 4500/- രൂപയുടെ (നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) അധിക ചെലവിന് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

കെ.ആർ.പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഹരിപ്പാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ